**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1201. 12.07.2016 ൽ മറുപടിയ്ക്ക്.**

**<u>ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കൽ</u>**

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പത്തുവർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. 23/05/2016 ലെ ഹരിത ട്രിബ്യൂണൽ കൊച്ചി സർക്യൂട്ട് ബഞ്ചിന്റെ വിധിയനുസരിച്ച് 10 വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം ബഹു. ഹൈക്കോടതി പ്രസ്തുത വിധി സ്റ്റേ ചെയ്തതിനെത്തുടർന്ന് നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കുമ്പോൾ കെ. എസ്. ആർ.ടി. സി. യ്ക്ക് എത്ര വാഹനങ്ങളെ നിരത്തിൽ നിന്ന് ഒഴിവാക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ ; | (ബി) | 1102 ബസ്സുകളേയും വാൻ, ലോറി മുതലായ 117 വാഹനങ്ങളേയും ഒഴിവാക്കേണ്ടിവരും. |
| (സി) | അന്തരീക്ഷ മലിനീകരണം തടയുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും പാലിക്കേണ്ട ഈ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഇത്രയധികം വാഹനങ്ങൾ ഒറ്റയടിക്ക് പിൻവലിച്ചാൽ ആയത് ഗ്രാമീണ മേഖലകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന വളരെയധികം സർവ്വീസുകൾ വെട്ടിക്കുറയ്ക്കേണ്ടി വരും. പകരം പുതിയ ബസ്സുകൾ വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | ഭീമമായ തുക അടിയന്തിരമായി കണ്ടെത്തേണ്ടി വരും. ആയതിനാൽ ഇത് ഘട്ടം ഘട്ടമായി മാത്രമേ നടപ്പാക്കാനാകുകയുള്ളൂ. |
| (ഡി) | കേരളത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | (സി) പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.